പി. കെ. ജയലക്ഷ്മിയും ശ്രീ. ഐ. സി. ബാലകൃഷ്ണൻ എന്നിവരും ഇതേ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ആദിവാസി പെൺകുട്ടികളെ ചൂഷണം ചെയ്യുന്നത് ഉൾപ്പടെയുള്ള നിരവധി തെറ്റായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. വളരെ കർശനമായ നടപടികൾ ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

4. അനധികൃത മണൽ ഖനനം

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കാസർഗോഡ് ജില്ലയിൽ മണൽക്ഷാമം നേരിടുന്നത് സംബന്ധിച്ചുള്ള വിഷയമാണ് പ്രധാനമായും സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഒരിടത്ത് ക്ഷാമവും മറ്റൊരിടത്ത് അനധികൃത ഖനനവും നടക്കുന്നുണ്ട്. അവിടെ മണൽ വിതരണം ചെയ്യുന്നതിന് മാതൃകാപരമായ ഒരു സംവിധാനം ഉണ്ടായിരുന്നു, ഇ-മണൽ സിസ്റ്റം. ആ സംവിധാനത്തെയാകെ തകർക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അവിടെ വിതരണം ചെയ്തുകൊണ്ടിരുന്ന ഇ-മണലിൽ ഏതാണ്ട് 60-70 ശതമാനത്തോളം തുറമുഖത്ത് നിന്നെടുക്കുന്ന പോർട്ട് മണലും 30-40 ശതമാനത്തിനിടയിൽ വരുന്നത് പുഴകളിൽ നിന്നെടുക്കുന്ന പുഴ മണലുമായിരുന്നു. ഇതിനെ കേന്ദ്രീകരിച്ചുകൊണ്ട് ജില്ലാ ഭരണകൂടത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ഭംഗിയായി നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ അതിൽ വന്നുപെട്ടിരിക്കുന്നത്, പോർട്ട് മണൽ പ്രത്യേകമായി ഇതിൽ നിന്ന് വിഭജിച്ച് പോർട്ടിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്താനും അവശേഷിക്കുന്നത് മാത്രം ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുമുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ഇതിന്റെ പിന്നിൽ വളരെ ബോധപൂർവ്വമായ ഒരു വലിയ വിഭാഗം ഉദ്യോഗസ്ഥരുടെയും മണൽ മാഫിയയുടെയും ഒത്തുകളിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിൽ ഒരു പ്രധാന കാര്യമായി ചൂണ്ടിക്കാണിക്കാനുള്ളത്, അക്ഷയ സെന്ററുകളിലും മറ്റും മണലിനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കാൻ ചെന്നാൽ ഇ-മണൽ സൈറ്റ് ബ്ലോക്കായിരിക്കും. എന്നാൽ അർദ്ധരാത്രിയാകുമ്പോൾ പോർട്ട് മണലിന്റെ സൈറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയും. അത് പ്രത്യേകമായി ചില ആളുകൾക്ക് ചെയ്യാൻ കഴിയുന്നകാര്യമായി മാറി. ഇതിന്റെ ഫലമായി അവിടത്തെ നിർമ്മാണ മേഖലയെ, പ്രത്യേകിച്ച് വളരെ ദുർബ്ബലരായ പാവപ്പെട്ട ആളുകൾ നിർമ്മിക്കുന്ന വീടുകൾക്ക് ആവശ്യമായ മണൽ ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. ആ മണൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെങ്കിൽ നേരത്തെ ഉണ്ടായിരുന്നതുപോലെ പോർട്ട് മണലും പുഴ മണലും ഉൾപ്പടെയുള്ളതെല്ലാം ഇ-മണൽ സംവിധാനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയും ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിന് വിധേയമായി നടത്താൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. അത് ഇല്ലാത്ത സാഹചര്യത്തിൽ അവിടെ ഉണ്ടാകുന്ന വലിയ പ്രശ്നങ്ങൾ, പ്രത്യേകിച്ച് മണൽ കടത്തുകാർക്കും അനധികൃത മണൽ കടത്തുകാർക്കും ആവശ്യമായ ഒത്താശ ചെയ്തുകൊടുക്കുന്നതിന് ഭരണകൂടത്തിന്റെ ഒരു ധാരണ/പിന്തുണ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്നുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ഈ സംവിധാനം മാറ്റി പാവപ്പെട്ട ആളുകൾക്ക് നേരത്തെ വഹിച്ചുകൊണ്ടിരുന്നതുപോലെ യഥാസമയം മണൽ വഹിക്കാൻ ആവശ്യമായ സംവിധാനം ഇതിലൂടെ നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് പൂണ്ടിക്കാണിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കാസർഗോഡ് ജില്ലയിലെ മണൽ പ്രശ്നത്തിന് പരിഹാരമെന്ന നിലയിലാണ് ഇ-മണൽ സംവിധാനം നടപ്പിലാക്കിവരുന്നത്. മണൽ മാഫിയയുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് തുടങ്ങിയ ഇ-മണൽ സംവിധാനം മണൽ ലഭ്യതയിലുണ്ടായ കുറവും പരിസ്ഥിതി ക്ലിയറൻസ് കിട്ടാനുണ്ടായ കാലതാമസവുംമൂലം ഉദ്ദേശിച്ചതുപോലെ ഫലപ്രദമായില്ല. തുറമുഖ വകുപ്പിന്റെ വക മണൽ ഇ-മണൽ സംവിധാനത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ അനധികൃത മണൽ ഖനനം തടയുന്നതിനുവേണ്ടി പോലീസും റവന്യൂ വകുപ്പും മൈനിംഗ് ആന്റ് ജിയോളജി വകുപ്പും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2014-ൽ മാത്രം ഇത്തരം കേസ്സുകളിൽ 365 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. മണൽ ലഭ്യതയെക്കുറിച്ചുള്ള പ്രശ്നം കാസർഗോഡ് ജില്ലയിൽ മാത്രമല്ല ഉള്ളത്. നമ്മുടെ സംസ്ഥാനത്ത് അതിരൂക്ഷമായ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നിർമ്മാണ മേഖലയിൽ അതിന്റേതായ തടസ്സങ്ങൾ പലതും ഉണ്ടായിക്കൊണ്ടിരിക്കുന്നു. മണൽ ലഭ്യത സുതാര്യതയോടുകൂടി നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തെക്കുറിച്ച് നിഷ്പക്ഷമായും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

5. ഒ.ബി.സി.-യിൽ ഉൾപ്പെടുത്തൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കേരളത്തിലെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് മലബാർ, കൊച്ചി പ്രദേശങ്ങളിൽ താമസിക്കുന്ന ബോയൻ സമുദായം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരാണ്. എന്നാൽ ഇരിങ്ങാലക്കുടയിലെ കരുവന്നൂർ ഭാഗത്ത് ഇരുന്നൂറോളം ബോയൻ സമുദായക്കാർ അനേക വർഷങ്ങളായി താമസിക്കുന്നുണ്ട്. അവരെ ഒ.ബി.സി. വിഭാഗത്തിൽപ്പെടുത്തുന്നതിനുള്ള സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. ഈ ഭാഗത്ത് താമസിക്കുന്ന ബോയൻ സമുദായത്തിൽപ്പെട്ട അംഗങ്ങളെക്കൂടി ഒ.ബി.സി. വിഭാഗത്തിൽ പെടുത്തണം. ഇവർ അനേകം വർഷങ്ങൾക്കുമുമ്പ് തമിഴ്നാട്ടിൽ നിന്ന് വന്നവരാണ്. തമിഴ്നാട്ടിൽ നിന്ന് പല ഭാഗങ്ങളിലേക്ക് വന്നിട്ടുള്ള ഇവർ മണ്ണിൽ വളരെ ആഴത്തിൽ ജോലി ചെയ്യുന്നവരാണ്. പ്രത്യേകിച്ച് കിണർ കുഴിക്കൽ, തോട് വെട്ടുക, കുളം കുഴിക്കുക തുടങ്ങിയ വളരെ കഠിനമായ ജോലി ചെയ്യുന്ന ഒരു വിഭാഗമാണ്. അങ്ങനെയൊരു വിഭാഗം ഇന്നും തമിഴ്നാട്ടിലുണ്ട്. അവരുടെ ബാക്ക്വേർഡ് കമ്മ്യൂണിറ്റിയാണ്. കേരളത്തിൽ മലബാർ ഭാഗത്തും കൊച്ചിയിലും താമസിക്കുന്ന ഈ ബോയൻ സമുദായം ഒ.ബി.സി.-യുമാണ്. പക്ഷേ കരുവന്നൂർ ഭാഗത്ത് താമസിക്കുന്ന ഈ സമുദായത്തെ മാത്രം ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly